ശബരിമല : ഐ & പിആർഡി മീഡിയ സെൻറർ  സന്നിധാനം
25-11-2025

## ശബരിമലയിൽ പുതിയ പോലീസ് ബാച്ച് ചുമതലയേറ്റു

ശബരിമലയിൽ പോലീസിന്റെ പുതിയ ബാച്ച് ചുമതലയേറ്റു. 1543 പേരാണ് രണ്ടാം ബാച്ചിൽ ഉള്ളത്. അസി. സ്‌പെഷ്യൽ ഓഫീസറും (എ.എസ്.ഒ) 10 ഡി.വൈ.എസ്.പിമാരും 34 സി.ഐമാരും സംഘത്തിൽ ഉൾപ്പെടുന്നു.

സന്നിധാനത്തെ വലിയ നടപ്പന്തലിൽ നടന്ന ചടങ്ങിൽ സ്‌പെഷ്യൽ ഓഫീസർ എം.എൽ. സുനിൽ ഉദ്യോഗസ്ഥർക്ക് വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകി. ഭക്തർക്ക് പരമാവധി സഹായം ഉറപ്പാക്കാൻ ശ്രദ്ധിക്കണമെന്നും അവരോട് സൗമ്യമായി പെരുമാറണമെന്നും അദ്ദേഹം പറഞ്ഞു. തിരക്ക് എപ്പോൾ വേണമെങ്കിലും ഉണ്ടാകാമെന്നും അതിനാൽ സദാസമയവും ജാഗ്രത വേണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.എ.എസ്.ഒ മാരായ ജെ.കെ. ദിനിൽ കുമാർ, എസ്. അജയ് കുമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. പത്തു ദിവസമാണ് ഒരു ബാച്ചിന്റെ സേവനം.

## ഭക്തർക്ക് ആശ്വാസമേകി സന്നിധാനത്തെ ഹോമിയോ ആശുപത്രി

കഠിനമായ മലകയറ്റത്തിനുശേഷം സന്നിധാനത്ത് എത്തിച്ചേരുന്ന അയ്യപ്പഭക്തർക്ക് വലിയ ആശ്വാസമാണ് സർക്കാർ ഹോമിയോ ആശുപത്രി ഒരുക്കുന്ന സൗജന്യ ചികിത്സാ സഹായം. ദീർഘദൂര യാത്രയുടെയും കാലാവസ്ഥാ മാറ്റത്തിന്റെയും ശാരീരിക ബുദ്ധിമുട്ടുകൾ നേരിടുന്ന തീർത്ഥാടകർക്കും ശബരിമല ഡ്യൂട്ടിയിലുള്ള ജീവനക്കാർക്കും ഈ കേന്ദ്രം വലിയൊരു ആശ്രയമാണ്. ദിനംപ്രതി നിരവധി പേരാണ് ഇവിടെ എത്തി ചികിത്സ തേടുന്നത്.

രണ്ട് മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിലാണ് ഹോമിയോ ആശുപത്രി പ്രവർത്തിക്കുന്നത്. രണ്ട് ഫാർമസിസ്റ്റുമാർ, രണ്ട് അറ്റൻഡറുമാർ, ഒരു ക്ലീനർ എന്നിവരടങ്ങുന്ന ജീവനക്കാരും സേവനസന്നദ്ധരായി മുഴുവൻ സമയവും ഇവിടെയുണ്ട്.

ശ്വാസകോശ സംബന്ധമായ ബുദ്ധിമുട്ടുകൾക്കാണ് ഭൂരിഭാഗം തീർത്ഥാടകരും ചികിത്സ തേടിയെത്തുന്നത് . ഇതിനുപുറമേ യാത്രയ്ക്കിടയിലെ ഭക്ഷണക്രമത്തിലെ മാറ്റങ്ങൾ മൂലമുണ്ടാകുന്ന ഉദരസംബന്ധമായ പ്രശ്നങ്ങൾക്കും അലർജി പോലുള്ള ത്വക്ക് രോഗങ്ങൾക്കും ധാരാളം പേർ ചികിത്സ തേടുന്നു.

പലവിധ പ്രതിരോധ മരുന്നുകളുടെ വിതരണവും ആശുപത്രി വഴി നടക്കുന്നുണ്ട്. അതോടൊപ്പം ശ്വാസംമുട്ടൽ അനുഭവിക്കുന്നവർക്കായി നെബുലൈസേഷൻ സൗകര്യവും ആവി വലിക്കാനുള്ള സംവിധാനവും ഇവിടെ ഒരുക്കിയിട്ടുണ്ട്. ചെറിയ പരിക്കുകൾ പറ്റുന്നവർക്കായി ഡ്രസ്സിംഗ് ചെയ്യാനുള്ള സേവനവും കേന്ദ്രത്തിൽ സൗജന്യമായി ലഭ്യമാണ്. സന്നിധാനത്തെ വലിയ നടപ്പന്തൽ ആരംഭിക്കുന്ന ഭാഗത്താണ് ആശുപത്രി സ്ഥിതി ചെയ്യുന്നത്.

## മണ്ഡലകാലം: ഒരാഴ്ച നടത്തിയത് 350 ഭക്ഷ്യ സുരക്ഷാ പരിശോധനകൾ

### 60 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസ് നൽകി

ശബരിമല മണ്ഡലകാലം ആരംഭിച്ചത് മുതൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രത്യേക സ്ക്വാഡുകൾ ഭക്ഷ്യ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് 350 പരിശോധനകൾ നടത്തി. ന്യൂനതകൾ കണ്ടെത്തിയ 60 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസ് നൽകി. 292 ഭക്ഷ്യ സാമ്പിളുകൾ ശേഖരിച്ച് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കി. ഭക്ഷ്യ സംരംഭകർക്ക് 8 ബോധവൽക്കരണ പരിപാടികളും രണ്ട് ലൈസൻസ്

രജിസ്ട്രേഷൻ മേളകളും സംഘടിപ്പിച്ചു. തീർത്ഥാടകർ കൂടുതലെത്തുന്ന സ്ഥലങ്ങളിലും ഇടത്താവളങ്ങളിലും പ്രത്യേക പരിശോധനകൾ നടത്തി വരുന്നു. ഇത് കൂടാതെ സംസ്ഥാന വ്യാപകമായും പരിശോധനകൾ നടത്തി വരുന്നു. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ മാർഗനിർദേശങ്ങൾ എല്ലാവരും പാലിക്കണം.

മണ്ഡലകാലത്തോടനുബന്ധിച്ച് പ്രത്യേക സ്ക്വാഡിനെ രൂപീകരിച്ചാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. സന്നിധാനം, പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. അപ്പം, അരവണ എന്നിവയുടെ സുരക്ഷിതത്വവും ഗുണനിലവാരവും പരിശോധിക്കുന്നതിനായി സന്നിധാനത്ത് ലാബ് സജ്ജീകരിച്ച് പരിശോധനകൾ നടത്തിവരുന്നു. അപ്പം, അരവണ എന്നിവയുടെ നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ഗുണനിലവാര പരിശോധന പമ്പയിൽ പ്രവർത്തിക്കുന്ന ലാബിൽ നടത്തിവരുന്നു. നിലയ്ക്കലും എരുമേലിയിലും സജ്ജമാക്കിയിട്ടുള്ള ഫുഡ് സേഫ്റ്റി ഓൺ വീൽസ് ഉപയോഗിച്ച് ഭക്ഷ്യസുരക്ഷാ പരിശോധന നടത്തി ശേഖരിച്ചിട്ടുള്ള ഭക്ഷ്യ സാമ്പിളുകൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നു. ഇത് കൂടാതെ പത്തനംതിട്ടയിൽ ആരംഭിച്ച ജില്ലാ ഭക്ഷ്യസുരക്ഷാ ലാബിലും ഭക്ഷ്യ വസ്തുക്കൾ പരിശോധിക്കുന്നുണ്ട്. വിശദമായ പരിശോധനകൾ തിരുവനന്തപുരം ലാബിലും നടത്തുന്നുണ്ട്.

സന്നിധാനം, പമ്പ, നിലയ്ക്കൽ, ളാഹ, എരുമേലി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ സ്ഥാപനങ്ങൾ ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ പരിശോധന നടത്തി ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നു. ഭക്ഷ്യസംരംഭകർക്ക് ആവശ്യമായ ശുചിത്വ പരിപാലനം, സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവയെ കുറിച്ചുള്ള അവബോധം നൽകുന്നതിനായി ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. തീർത്ഥാടകർക്കും ഭക്ഷ്യ സംരംഭകർക്കും ഭക്ഷ്യസുരക്ഷാ അവബോധം നൽകുന്നതിന് 6 ഭാഷകളിലായി അച്ചടിച്ച ബോധവത്ക്കരണ ലഘുലേഖകളും വിതരണം ചെയ്തിട്ടുണ്ട്.

ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പരാതികൾ 1800 425 1125 എന്ന ടോൾ ഫ്രീ നമ്പറിൽ അറിയിക്കാവുന്നതാണ്.

## സന്നിധാനത്തെ  ഭക്തിസാന്ദ്രമാക്കി ഫയർ ആൻഡ് റെസ്ക്യൂ ഉദ്യോഗസ്ഥരുടെ  'ഗാനാഞ്ജലി'

മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിനെത്തുന്ന ഭക്തർക്ക് ആത്മീയ നിർവൃതി നൽകിക്കൊണ്ട്, ശബരിമല ഡ്യൂട്ടിയിലുള്ള ഫയർ ആൻഡ് റെസ്ക്യൂ സർവീസ് ഉദ്യോഗസ്ഥർ അവതരിപ്പിച്ച 'ഗാനാഞ്ജലി' ശ്രദ്ധേയമായി. തീർത്ഥാടകരുടെ മനസ്സിൽ എന്നും ഇടംപിടിച്ച ഒരുപിടി ഭക്തിഗാനങ്ങൾ കോർത്തിണക്കിയാണ് ഫയർഫോഴ്സ് സംഘം സന്നിധാനത്തെ കൂടുതൽ ഭക്തിസാന്ദ്രമാക്കിയത്.

വിവിധ ജില്ലകളിൽ നിന്നുള്ള ഫയർഫോഴ്സ് ഉദ്യോഗസ്ഥർ തങ്ങളുടെ ഔദ്യോഗിക ജോലി നിറവേറ്റുന്നതിനിടയിൽ കാഴ്ചവച്ച കലാവിരുന്ന്, ശബരിമല ദർശനത്തിനെത്തിയ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഭക്തർക്ക് പോലും പ്രത്യേക അനുഭവം സമ്മാനിച്ചു.

സന്നിധാനം ഫയർ ആൻഡ് റെസ്ക്യൂ സ്പെഷ്യൽ ഓഫീസർമാരായ സൂരജിന്റെയും അർജുൻ കൃഷ്ണന്റെയും നേതൃത്വത്തിൽ നിലവിളക്ക് തെളിച്ചുകൊണ്ടായിരുന്നു പരിപാടി തുടങ്ങിയത്. വിവിധ യൂണിറ്റുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരായ വി.എസ് ലിവിൻസൺ, കെ. ലിനിൻ, എം.ഷിജിത്ത്, നിഷാന്ത്, അനീഷ് എന്നിവരാണ്  ഗാനങ്ങൾ അവതരിപ്പിച്ചത്.